ഉത്തരം

(എ) ഇ.പി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സഹകരണ ജീവനക്കാർക്ക് സർക്കാർ നടപ്പിലാക്കിയിട്ടുള്ള സാശ്രയ പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ ലഭിക്കുന്നില്ല. ടി ജീവനക്കാർക്ക് ഇ.പി.എഫ്. പദ്ധതി പ്രകാരം ഉള്ള കേന്ദ്ര പെൻഷൻ നിലവിലുണ്ട്.

(ബി) ഇ.പി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരെ ടി പദ്ധതിയിൽ നിന്നും ഒഴിവാക്കി സർക്കാർ നടപ്പിലാക്കിയിട്ടുള്ള സാശ്രയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) & (ഡി) ശമ്പള പരിഷ്ക്കരണ കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടില്ല.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

158 [3684] *ശ്രീ. ടി. കെ. ബാലൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ കുടിശ്ശികയ്ക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഏതെല്ലാം സ്വഭാവത്തിലുള്ള സംഘങ്ങൾക്കാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംഘങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ സംഘങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് സർക്കാർ അനുവദിച്ച തുക എത്രയാണ്;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ സംഘങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനുള്ള തുക സർക്കാർ അനുവദിക്കുമോ?

ഉത്തരം

(എ) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ മാത്രമേ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നിലവിലുള്ളൂ.

(ബി) നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) & (ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly